**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>വേതനസുരക്ഷാ പദ്ധതി</u>**

2386 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഹൈബി ഈഡൻ
,, വി. പി. സജീന്ദ്രൻ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേതനസുരക്ഷാ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം മേഖലകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(സി) വേതനം ബാങ്കുകൾ വഴി വിതരണം ചെയ്യാനുള്ള സൗകര്യം പദ്ധതിയിൽ ഉൾപ്പെടുത്തുമോ ; വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സ്കിൽ-ഡെവലപ്മെന്റ്**

**2387 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതികാലത്ത് സ്കിൽ ഡെവലപ്മെന്റിനായി എന്തൊക്കെ കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത കോഴ്സുകൾ ഏതൊക്കെ സ്ഥാപനങ്ങൾ മുഖാന്തിരം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഇതിലേയ്ക്കായി സ്വകാര്യസ്ഥാപനങ്ങളെയും സർക്കാർ സ്ഥാപനങ്ങളെയും പരിഗണിക്കുന്നുണ്ടോ;

(ഡി) ആയത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>അന്യ സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും മിനിമം വേതനവും</u>

2388 ശ്രീ. കെ. രാധാകൃഷ്ണൻ
,, സാജു പോൾ
,, വി. ചെന്താമരാക്ഷൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മിനിമം വേതനം നൽകുന്നത് ഒഴിവാക്കാനും ഇ.എസ്.ഐ., പി.എഫ് എന്നീ ആനുകൂല്യങ്ങൾ നൽകാതിരിക്കുന്നതിനുമായി അന്യ സംസ്ഥാന തൊഴിലാളികളെ വിവിധ സ്ഥാപനങ്ങളിൽ കരാറടിസ്ഥാനത്തിൽ ജോലിക്കു നിയമിക്കുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് മാന്യമായ തൊഴിൽ-ജീവിത സാഹചര്യങ്ങൾ ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) അഞ്ചോ അതിലധികമോ അന്യ സംസ്ഥാന തൊഴിലാളികളെ ജോലിക്ക് ഏർപ്പെടുത്തിയിട്ടുള്ള കരാറുകാരും രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ പാലിക്കപ്പെടുന്നില്ലെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇത്തരക്കാർക്കെതിരെ എന്ത് നടപടി സ്വീകിരിച്ചെന്നറിയിക്കാമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>അസംഘടിത തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതി</u>**

**2389 ശ്രീ. എൻ.എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അസംഘടിത തൊഴിലാളികൾക്ക് നടപ്പാക്കി വരുന്ന ക്ഷേമ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികളിൽ ഓരോന്നിനും നടപ്പ് വർഷം എന്തു തുക നീക്കി വച്ചിട്ടുണ്ടെന്നും നാളിതുവരെ എന്തു തുക ചെലവഴിച്ചു എന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ഗാർഹിക തൊഴിലാളി ക്ഷേമനിധി**

2390 **ശ്രീ. എ.എ. അസീസ്**
**,, കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയത് സംബന്ധിച്ച് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

### കശുവണ്ടിത്തൊഴിലാളി ക്ഷേമ പദ്ധതി

2391 ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. വി. ശശി
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി തൊഴിലാളികൾക്ക് നൽകുന്ന പ്രതിമാസ പെൻഷൻ എത്രയാണ്; പ്രസ്തുത പെൻഷൻ ആയിരം രൂപയായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് എപ്പോൾ മുതൽ നൽകിത്തുടങ്ങുമെന്ന് വ്യക്തമാക്കുമോ;

(ബി) കശുവണ്ടി തൊഴിലാളി പെൻഷൻ എത്ര മാസത്തെ കുടിശ്ശികയായുണ്ട്; ഈ കുടിശ്ശിക എന്ന് കൊടുത്തു തീർക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) തൊഴിലാളികൾ പിരിഞ്ഞുപോകുന്ന മുറയ്ക്ക് ഗ്രാറ്റുവിറ്റി നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ഡി) സ്വകാര്യ ഫാക്ടറികളിൽ തൊഴിൽ നിഷേധവും കുടിവറുപ്പ് വ്യാപകവുമായിക്കൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**തെങ്ങ് കയറ്റ തൊഴിലാളികളുടെ സുരക്ഷിതത്വവും ആനുകൂല്യങ്ങളും**

2392

**ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തെങ്ങ് കയറ്റ തൊഴിലാളികളെ വിദഗ്ധ തൊഴിലാളികളായി അംഗീകരിച്ച് നിലവിലുള്ള തൊഴിൽ നിയമങ്ങൾ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ അനുവദിക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) തെങ്ങ് കയറ്റ തൊഴിലാളികൾക്ക് ക്ഷേമനിധി, പെൻഷൻ എന്നിവ നടപ്പിലാക്കുകയും ജോലിക്കിടയിൽ അപകടത്തിൽപ്പെട്ട് മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് അർഹമായ നഷ്ടപരിഹാരം നൽകുവാനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) ഈ മേഖലയിൽ മിനിമം കൂലി പുതുക്കി നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) തെങ്ങിനോട് ചേർന്നുള്ള ഇലക്ട്രിക് ലൈനുകളിൽ നിന്ന് അപകടങ്ങൾ ഒഴിവാക്കുവാൻ ഇലക്ട്രിക് കമ്പികൾ പി.വി.സി. പൈപ്പുകൾ ഉപയോഗിച്ച് കവർ ചെയ്ത് ജോലി സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് വൈദ്യുതി വകുപ്പിനോട് ആവശ്യപ്പെടുമോ ;

(ഇ) കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളും തെങ്ങ് കയറ്റ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>തെങ്ങുകയറ്റ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ</u>**

**2393**

**ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തെങ്ങുകയറ്റ തൊഴിലാളികളെ വിദഗ്ധ തൊഴിലാളികളായി അംഗീകരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷേമനിധിയും പെൻഷനും വർദ്ധിപ്പിക്കുന്നതിനും മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായ തുക വർദ്ധിപ്പിക്കുന്നതിനും സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) ജോലിക്കിടയിൽ അപകടത്തിൽപ്പെട്ട് ചികിത്സയിൽ കഴിയുന്ന തൊഴിലാളികളുടെ ചികിത്സാ ചെലവ് വഹിക്കുന്നതിനും ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**മരം കയറ്റത്തൊഴിലാളികൾക്കുള്ള ധനസഹായം**

**2394 ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മരംകയറ്റ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടമുണ്ടായാൽ ധനസഹായം നൽകി വന്ന മുൻ സർക്കാരിന്റെ നടപടി ഇപ്പോൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പേർക്കാണ് ഈ ആനുകൂല്യം നൽകിയതെന്ന് അറിയിക്കുമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**മരം കയറ്റത്തൊഴിലാളി ക്ഷേമനിധി**

**2395 ശ്രീ. എം. ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മരം കയറ്റത്തൊഴിലാളികൾക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) മരം കയറ്റത്തൊഴിലാളികൾ ഏതു ക്ഷേമനിധിയിലാണ് അംഗമായിട്ടുള്ളത് ;

(സി) പ്രസ്തുത തൊഴിലാളികൾക്ക് നിലവിൽ പെൻഷൻ ലഭിക്കുന്നുണ്ടോ ;

(ഡി) മരം കയറ്റത്തൊഴിലാളികൾക്കായി പ്രത്യേക പെൻഷൻ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**തോട്ടം മേഖലയിലെ തൊഴിലാളികളുടെയും ജീവനക്കാരുടെയും സേവന വേതന പരിഷ്ക്കരണം**

2396 ശ്രീ. ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ തൊഴിലാളികളുടെയും അനുബന്ധ ജീവനക്കാരുടെയും സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തു മോ;

(ബി) പ്രസ്തുത പരിഷ്ക്കരണത്തിന് എന്ന് മുതലാണ് പ്രാബല്യ
മുളളത് ;

(സി) കുടിശ്ശിക വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>വസ്തു ബ്രോക്കർമാർക്ക് ക്ഷേമനിധി</u>**

**2397 ശ്രീ. സി. എഫ്. തോമസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വസ്തു ബ്രോക്കർമാർക്ക് ക്ഷേമനിധി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>അനർഹർക്ക് ക്ഷേമനിധി ബോർഡുകളിൽ പെൻഷൻ</u>**

**2398 ശ്രീ. എൻ. ഷംസുദ്ദീൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ അനർഹർക്ക് ലഭിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ യഥാർത്ഥ അവകാശികൾക്ക് മാത്രം ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>മോട്ടോർ വാഹനത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അടയ്ക്കേണ്ട തുകയിൽ കൃത്രിമത്വം</u>**

**2399** **ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അടക്കേണ്ട തുകയിൽ കൃത്രിമം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ക്ഷേമനിധി ബോർഡിനുള്ള തുക സംബന്ധിച്ച കോഴിക്കോട് ജില്ലാ ഓഫീസറുടെ പരാതി**

**2400 ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അടക്കേണ്ട തുകയിൽ കൃത്രിമം കാട്ടുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലാ ഓഫീസർ പോലീസിൽ പരാതി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണ് പരാതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് വകുപ്പുതല അന്വേഷണം നടത്തണമെന്ന് ജില്ലാ ഓഫീസർ മേലധികാരികളോട് അപേക്ഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് മോട്ടോർ വാഹനത്തൊഴിലാളി ക്ഷേമ ബോർഡിലെ ഓഡിറ്റ്**

2401 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനത്തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് ബാങ്കുകൾ വഴി അടക്കുന്ന തുകയും ഹാജരാക്കുന്ന രസീതിലെ തുകയും തമ്മിൽ ഒത്തുനോക്കുന്നതിനോ, ഓഡിറ്റ് നടത്തുന്നതിനോ ഉളള സംവിധാനം നിലവിലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ; കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ രണ്ടുവർഷങ്ങളിലായി നടത്തിയ ഓഡിറ്റിന്റെയും ഒത്തു നോക്കലിന്റെയും റിപ്പോർട്ട് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**സിനിമ - സീരിയൽ മേഖലയിലെ കലാകാരൻമാർക്കും സാങ്കേതിക തൊഴിലാളികൾക്കും വേതനം**

**2402 ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സിനിമ - സീരിയൽ മേഖലയിലെ കലാകാരൻമാർക്കും സാങ്കേതിക മേഖലയിലെ തൊഴിലാളികൾക്കും തൊഴിൽ വകുപ്പിന്റെ 31.1.2011-ലെ ഉത്തരവനുസരിച്ചുള്ള വേതനം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ബി) ഈ മേഖലയിലെ തൊഴിലാളികൾക്ക് നിയമപരമായി ലഭിക്കേണ്ട വേതനം ഏജന്റുമാർ ചൂഷണം ചെയ്യുന്നുണ്ടോയെന്ന് സർക്കാർ പരിശോധിക്കുമോ;

(സി) ഈ മേഖലയിലെ തൊഴിലാളികൾക്കും കലാകാരൻമാർക്കും നിയമപരമായി ലഭിക്കേണ്ട വേതനം ലഭിക്കാനും ഏജന്റുമാരുടെ ചൂഷണത്തിൽ നിന്നും സംരക്ഷണം ലഭിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>സിനിമാ -സീരിയല്‍ ആര്‍ട്ടിസ്റ്റുകള്‍ക്കും സാങ്കേതിക വിദഗ്ദ്ധര്‍ക്കും മിനിമം കൂലി</u>

T 2403 ശ്രീ. എ. എ. അസീസ്
,, കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സിനിമാ - സീരിയല്‍ ആര്‍ട്ടിസ്റ്റുകള്‍ക്കും സാങ്കേതിക വിദഗ്ദ്ധര്‍ക്കും സര്‍ക്കാര്‍ മിനിമം കൂലി പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇവര്‍ക്ക് മിനിമം കൂലി നല്‍കാതെ പ്രസ്തുത മേഖലയില്‍ ഇടനിലക്കാര്‍ തുക കൈക്കലാക്കുന്നത് ഒഴിവാക്കുന്നതിനും പ്രവര്‍ത്തകര്‍ക്ക് അര്‍ഹതപ്പെട്ട മിനിമം കൂലി ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ദൃശ്യ മാധ്യമ സ്ഥാപനങ്ങളിലെ ജീവനക്കാർ**

T 2404 **ശ്രീ. ബാബു. എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രാദേശിക ദൃശ്യ മാധ്യമ സ്ഥാപനങ്ങളിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് ;

(ബി) ഇവരുടെ സേവന വേതന വ്യവസ്ഥകൾ താഴ്ന്ന നിലയിലാണ് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവർക്ക് മറ്റു മാധ്യമ പ്രവർത്തകർക്ക് ലഭിക്കുന്ന വേതന സംബന്ധമായ സുരക്ഷിതത്വവും പരിരക്ഷയും ഉറപ്പുവരുത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**അന്യസംസ്ഥാന തൊഴിലാളികളുടെ താമസസൗകര്യം-**

2405 ശ്രീ. എം. ഹംസ
,, ബാബു എം. പാലിശ്ശേരി
ഡോ. കെ.ടി. ജലീൽ
ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെത്തുന്ന അന്യസംസ്ഥാന തൊഴിലാളികൾക്ക് താമസസൗകര്യങ്ങളുടെ അപര്യാപ്തതമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം അന്യസംസ്ഥാന തൊഴിലാളികൾക്ക് താമസസൗകര്യങ്ങൾ ഒരുക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**അന്യസംസ്ഥാനത്തൊഴിലാളികളുടെ പുനരധിവാസം**

**2406**

**ശ്രീ. ബെന്നി ബെഹനാൻ**
**,, വി. ഡി. സതീശൻ**
**,, അൻവർ സാദത്ത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനത്തെ കുടിയേറ്റ തൊഴിലാളികൾക്കായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്;

(ബി) അന്യസംസ്ഥാനത്തൊഴിലാളികൾക്ക് പുനരധിവാസ പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**അന്യസംസ്ഥാന തൊഴിലാളികളുടെ സേവനവേതനവ്യവസ്ഥകൾ**

2407 **ശ്രീമതി. കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾ ഏതൊക്കെ മേഖലകളിലാണ് തൊഴിലെടുക്കുന്നതെന്നും ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>അന്യസംസ്ഥാന തൊഴിലാളികൾ ക്രിമിനൽ കുറ്റങ്ങളിൽ ഉൾപ്പെടുന്നത്</u>**

2408 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾ കൊലപാതകം ഉൾപ്പെടെയുള്ള ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെടുന്നത് തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന അന്യസംസ്ഥാന തൊഴിലാളികളെ കണ്ടു പിടിക്കുന്നതിനായി, അവരുടെ കണക്കെടുക്കാനും തിരിച്ചറിയൽ രേഖകൾ നൽകാനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.06.2012 -ലെ മറുപടിക്ക്

**<u>സെക്യൂരിറ്റി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് മിനിമം കൂലി</u>**

**2409 ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സെക്യൂരിറ്റി മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം കൂലി നിയമം നിലവിൽ വന്നത് എപ്പോഴാണ് എന്ന് അറിയിക്കുമോ;

(ബി) നിയമം നിലവിലുണ്ടെങ്കിലും തൊഴിലാളികൾക്ക് മിനിമം കൂലി ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(ഡി) ഇക്കാര്യത്തിൽ കൂടുതൽ ഫലവത്തായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**സെക്യൂരിറ്റി സർവ്വീസ് മേഖലയിലെ സ്വകാര്യ ഏജൻസികളെ നിയന്ത്രിക്കുന്നതിന് നടപടി**

2410 **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സെക്യൂരിറ്റി സർവ്വീസ് മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഏജൻസികളെ നിയന്ത്രിക്കുന്നതിനും സർക്കാർ പ്രഖ്യാപിച്ച മിനിമം വേതനം പ്രസ്തുത ഏജൻസികൾ നൽകുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും തൊഴിൽ വകുപ്പ് എന്തൊക്കെ നടപടികളാണ് ഈ സർക്കാർ അധികാരമേറ്റ ശേഷം സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം തൊഴിൽ നിയമം പാലിക്കാത്ത സ്വകാര്യ സെക്യൂരിറ്റി റിക്രൂട്ടിംഗ് എജൻസികൾക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ളത് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയ പ്രൈവറ്റ് സെക്യൂരിറ്റി റഗുലേഷൻ ആക്റ്റ് -2005 കേരളത്തിൽ നടപ്പാക്കുന്നതിനുള്ള കാലതാമസത്തിന് വിശദീകരണം നൽകാമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**കണ്ണൂർ ഐ. ടി.ഐ യിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച്**

**2411 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യത്തിന്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കണ്ണൂർ ഐ. ടി. ഐ യിൽ പെൺകുട്ടികൾക്കായി വിശ്രമ മുറിയും ലൈബ്രറിയും ഉൾപ്പെടുന്ന കോംപ്ലക്സ് നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഇൻഷുറൻസ് സ്ഥാപനങ്ങൾ പണം നൽകാത്തത് സംബന്ധിച്ച്**

2412 **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ അടിസ്ഥാനത്തിൽ ചികിത്സ നടത്തിയതിനുള്ള തുക അർഹരായ രോഗികൾക്ക് കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് ആയത് സംഭവിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇൻഷുറൻസ് സ്ഥാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള ആശുപത്രികളിൽ ചിലത് നൽകുന്ന ചികിത്സാ സർട്ടിഫിക്കറ്റും ബില്ലുകളും ഇൻഷുറൻസ് കമ്പനികൾ തന്നെ സ്വീകരിക്കുന്നില്ലെന്നും, പ്രസ്തുത സ്ഥാപനങ്ങളെ തങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കിയെന്നും പറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുമോ?

(സി) മെഡിക്കൽ ഇൻഷുറൻസ് പദ്ധതിയിൽ ആയുർവേദ, ഹോമിയോ ചികിത്സാ രീതികളെ കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്നു പറയുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**സ്മാർട്ട് കാർഡ് വിതരണം**

2413 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലാളികൾക്ക് സ്മാർട്ട് കാർഡ് വിതരണം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇത് നടപ്പാക്കുന്നത്;

(സി) ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>സ്മാർട്ട് കാർഡ് സേവനം</u>

2414

### ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിൽ എത്ര കുടുംബങ്ങൾക്ക് സ്മാർട്ട് കാർഡ് നൽകിയിട്ടുണ്ട്; മുനിസിപ്പൽ, പഞ്ചായത്ത് തലത്തിലെ എണ്ണം വ്യക്തമാക്കാമോ;

(ബി) സ്മാർട്ട് കാർഡിന് പുതുതായി എന്നുമുതൽ അപേക്ഷ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) കാസർകോഡ് ജില്ലയിൽ സ്മാർട്ട് കാർഡിന്റെ സേവനം ഉപയോഗപ്പെടുത്താവുന്ന ആശുപത്രികൾ ഏതൊക്കെയാണ്;

(ഡി) മംഗലാപുരത്ത് ചികിൽസ ആവശ്യമായിവരുന്ന പാവപ്പെട്ട രോഗികൾക്ക് സ്മാർട്ട് കാർഡിന്റെ ആനുകൂല്യം ഉപയോഗപ്പെടുത്തുമാറ് സേവനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കണ്ണൂർ ഐ.റ്റി.ഐ.യുടെ ശോചനീയാവസ്ഥ**

**2415** **ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് ഐ.റ്റി.ഐ.യിലെ മെയിൻ ബിൽഡിംഗും വർക്ക് ഷോപ്പും കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഴക്കാലത്ത് ക്ലാസ്സുകൾ നടത്തുന്നതിന് തടസ്സമുണ്ടാകുന്നതായും ഇവിടത്തെ പല ഉപകരണങ്ങളും പൂർണ്ണമായ തോതിൽ പ്രവർത്തിപ്പിക്കാൻ സാധിക്കുന്നില്ല എന്നതു കണക്കിലെടുത്ത് ഐ.റ്റി.ഐയുടെ പുനരുദ്ധാരണത്തിനായി അടിയന്തിര നടപടി സ്വീകരിക്കമോ; വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**പൊന്നാനി മണ്ഡലത്തിൽ വ്യവസായ സംരംഭകത്വ പരിശീലന കേന്ദ്രം തുടങ്ങാൻ നടപടി**

2416 **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ സംരംഭകത്വ പരിശീലന കേന്ദ്രം ഇല്ലാത്തതിനാൽ പുതിയ സംരംഭകർക്കും നിലവിലുളള ചെറുകിട സംരംഭകർക്കും മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാളികേര മത്സ്യമേഖലകളിൽ ധാരാളം ചെറുകിട സംരംഭങ്ങൾ ശാസ്ത്രീയമായ മേൽനോട്ടമില്ലാത്തതു മൂലം നിലച്ചുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത മണ്ഡലത്തിൽ ഒരു വ്യവസായ സംരംഭകത്വ പരിശീലന കേന്ദ്രം ഈ വർഷംതന്നെ തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

### കണ്ണൂർ ലേബർ കമ്മറ്റിയുടെ പ്രവർത്തനം

**2417** **ശ്രീ. ജെയിംസ് മാത്യൂ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ലേബർ കേസുകൾ പരിഗണിക്കപ്പെടാതെ കെട്ടിക്കിടക്കുന്നതും ലേബർ കമ്മീഷണറെ നിയമിച്ചിട്ടില്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അടിയന്തിരമായി ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ കുറഞ്ഞ വേതനം**

**2418 ശ്രീ. എം. ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ എത്രയാണെന്നും എത്ര നേഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാർ ഈ രംഗത്ത് പ്രവർത്തിച്ചുവരുന്നുണ്ടെന്നും ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) കുറഞ്ഞ വേതനം നടപ്പാക്കിവരുന്ന എത്ര സ്വകാര്യ ആശുപത്രികൾ ഉണ്ടെന്നും പ്രസ്തുത ആശുപത്രികളിലെല്ലാമായി പ്രവർത്തിയെടുക്കുന്ന നേഴ്സുമാരുടെ എണ്ണവും ജില്ലതിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ;

(സി) തൊഴിൽ നിയമ ലംഘനം നടത്തിയ സ്വകാര്യ ആശുപത്രികൾ എത്രയെന്നും അവർക്കെതിരെ സ്വീകരിച്ച നിയമനടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**നേഴ്സുമാർക്ക് 'ഒഡെപെക്' പരിശീലനം**

**2419** **ഡോ. ടി. എം. തോമസ് ഐസക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്തെ നഴ്സുമാർക്ക് 'ഒഡെപെക്' വിദഗ്ദ്ധ പരിശീലനം നൽകുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ;**

(ബി) **എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;**

(സി) **ഇതിനകം എത്ര നേഴ്സുമാർക്ക് പരിശീലനം നൽകാൻ കഴിഞ്ഞു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?**

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**ഓട്ടുകമ്പനി തൊഴിലാളികളുടെ**
**വേതന പരിഷ്കരണം**

**2420**

**പ്രൊഫ. സി. രവീന്ദ്രനാഥ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഓട്ടുകമ്പനി തൊഴിലാളികളുടെ മിനിമം വേതനം വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;**

(ബി) **എങ്കിൽ ഇതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?**

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ലേബർ കോൾ സെന്റർ**

2421 **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ സംബന്ധമായ പരാതികൾ പരിശോധിക്കുവാനും സേവനങ്ങൾ സംബന്ധിച്ചുള്ള വിവരം അറിയാനും ലേബർ കാൾ സെന്റർ സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) ഈ കാൾ സെന്ററിൽ 31.05.2012 വരെ സ്വീകരിച്ച പരാതികൾ എത്ര; തീർപ്പാക്കിയ പരാതികൾ എത്ര എന്നറിയിക്കുമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>വേതന സുരക്ഷ പദ്ധതി</u>**

T2422 **ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സ്വകാര്യ മേഖലയിലെ ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനം ഉറപ്പാക്കുന്ന 'വേതന സുരക്ഷ പദ്ധതി' ഏതൊക്കെ മേഖലകളിലാണ് നടപ്പാക്കുന്നത് ;**

(ബി) **'വേതന സുരക്ഷ പദ്ധതി'യിൽ എന്തൊക്കെ കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ?**

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**തൊഴിൽ വകുപ്പ് പുന:സംഘടന**

**2423 ശ്രീ. പി. കെ. ഗുരുദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ പുന:സംഘടന നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) തൊഴിൽ വകുപ്പിന്റെ പുന:സംഘടനയുടെ ലക്ഷ്യം എന്താണ് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതു തൊഴിൽ നയത്തിന്റെ ഭാഗമാണോ എന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**മുൻ സാമ്പത്തിക വർഷത്തെ തൊഴിലവസരങ്ങൾ**

**2424 ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **മുൻ സാമ്പത്തികവർഷം പുതുതായി നടപ്പിലാക്കിയ പദ്ധതികൾവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുണ്ടായോ;**

(ബി) **എങ്കിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും അതുമൂലം എത്ര പേർക്ക് പുതുതായി ജോലി ലഭിക്കുകയുണ്ടായിട്ടുണ്ടെന്നും പദ്ധതി അടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ?**

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

### പുതിയ തൊഴിൽദാന സ്കീമുകൾ

**2425 ശ്രീ. എം.എ. ബേബി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി പ്രഖ്യാപിച്ച തൊഴിൽദാന സ്കീമുകൾ ഏതൊക്കെയാണെന്നും അവയിൽ പൂർണമായും നടപ്പിലാക്കിയവ ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(ബി) പുതിയ തൊഴിൽദാന സ്കീമുകൾ ഓരോന്നും നടപ്പിലാക്കുക വഴി പുതുതായി എത്രപേർക്ക് ജോലി ലഭിക്കുകയുണ്ടായെന്ന് സ്കീം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സ്കീമുകൾ ഓരോന്നും നടപ്പിലാക്കുന്നതിന് ഖജനാവിൽ നിന്നും ഇതിനകം എന്ത് തുകവീതം ചെലവായിട്ടുണ്ട്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കൊല്ലം കാഷ്യൂ ബോർഡിന്റെ പ്രവർത്തനം**

2426 **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ആസ്ഥാനമായി കാഷ്യൂബോർഡിന്റെ പ്രവർത്തനം എന്നുമുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) കാഷ്യൂ ബോർഡിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) കാഷ്യൂ ബോർഡിന്റെ ഘടന എപ്രകാരമാണ്; വിശദമാക്കുമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിന് നടപടി</u>**

**2427 ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഫാക്ടറി തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന മേഖലകളിൽ 'തൊഴിൽജന്യരോഗങ്ങൾ' തടയുന്നതിന് ഉതകുന്ന എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(ബി) ഇത്തരം മേഖലകൾ തെരഞ്ഞെടുത്ത് തൊഴിൽജന്യ രോഗങ്ങൾ പ്രതിരോധിക്കാനുള്ള ബോധവൽക്കരണവുംചികിത്സയും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**വ്യാജ മേൽവിലാസത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ**

**2428 ശ്രീ. കെ. എൻ. എ. ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്യുന്നവർക്ക് അവരവർ താമസിക്കുന്ന ജില്ലകളിൽ മാത്രമേ രജിസ്റ്റർ ചെയ്യാവൂ എന്ന് നിബന്ധനയുണ്ടോ;**

(ബി) **വ്യാജ മേൽവിലാസത്തിൽ തൊഴിൽ സാധ്യതയുള്ള ജില്ലകളിൽ പേര് രജിസ്റ്റർ ചെയ്യുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>പയ്യന്നൂർ എംപ്ലോയ്മെന്റ് ബ്യൂറോ</u>**

**2429 ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിൽ നിലവിലുള്ള എംപ്ലോയ്മെന്റ് ബ്യൂറോ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചാക്കി ഉയർത്തണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) തളിപ്പറമ്പ് എക്സ്ചേഞ്ചിലെ അധിക രജിസ്ട്രേഷൻ പരിഗണിച്ച് പയ്യന്നൂരിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?